ഏറ്റവും മികച്ച ചിത്രത്തിനുള്ള നാഷണൽ അവാർഡ്, സംസ്ഥാന അവാർഡ് എന്നിവ ലഭിക്കുന്ന ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ചെയ്ത ചിത്രങ്ങൾക്കും മികച്ച രണ്ടാമത്തെ അവാർഡ് ലഭിക്കുന്ന ചിത്രാഞ്ജലി ചിത്രങ്ങൾക്കും സബ്സിഡി നൽകിവരുന്നുണ്ട്. കൂടാതെ ലോക സിനിമാരംഗത്തെ പുത്തൻ പ്രവണതകൾ, ലോക ക്ലാസിക്കുകൾ, അന്താരാഷ്ട്ര പ്രശസ്തിയാർജ്ജിച്ച സിനിമാ പ്രവർത്തകരുടെ സിനിമകൾ തുടങ്ങി നിലവാരമുള്ള സിനിമകൾ കാണുന്നതിനും പുതിയ നല്ല സിനിമകൾ നിർമ്മിക്കുന്നതിന് പ്രചോദനം നൽകുന്നതിനുമായി ചലചിത്ര അക്കാദമി അന്താരാഷ്ട്ര ചലച്ചിത്ര മേള, അന്താരാഷ്ട്ര ഡോക്യുമെന്ററി ആന്റ് ഷോർട്ട് ഫിലിം മേള, ദേശീയ ചലച്ചിത്രമേള എന്നിവ കേരളത്തിൽ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ കലാമൂല്യമുള്ള നല്ല സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിനും ചലചിത്ര പ്രവർത്തകരെ അനുമോദിക്കുന്നതിനുമായി ചലച്ചിത്ര അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. നല്ല സിനിമ നിർമ്മിക്കുന്നവർക്കും സംവിധാനം ചെയ്യുന്നവർക്കും ക്യാഷ് അവാർഡ് നൽകുന്നതും ഇതിലുൾപ്പെടുന്നു. ഇതുകൂടാതെ പുതിയ തലമുറയെ ഈ കലയിലേക്ക് ആകർഷിക്കുന്നതിന് ചലച്ചിത്ര അക്കാദമി കുട്ടികൾക്കും യുവാക്കൾക്കുമായി അവധിക്കാല ക്യാമ്പുകൾ, അധ്യാപകരുടെ ക്യാമ്പുകൾ എന്നിവയും നടത്തിവരുന്നുണ്ട്. നല്ല സിനിമ നിർമ്മിക്കുവാനുള്ള പുതിയ തലമുറയിലെ സിനിമാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ സഹായ സഹകരണങ്ങളും നിലവിൽ നൽകിവരുന്നുണ്ട്.

ഇന്റർസ്റ്റേറ്റ് ബസ്സ് സർവ്വീസ്

313 (3947) ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇന്റർസ്റ്റേറ്റ് സർവ്വീസ് നടത്തുന്നതിനായി പ്രത്യേക ട്രാൻസ്പോർട്ട് കോർപ്പറേഷന് പദ്ധതിയുണ്ടോ ?

ഉത്തരം

ഈ വിഷയത്തിൽ ഒരു പദ്ധതി നിലവിൽ വിഭാവനം ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly